**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *218** **05.10.2016-ൽ മറുപടിയ്ക്ക്**

## ഹാംലറ്റ് വികസന പദ്ധതി

**ചോദ്യം**

**ശ്രീ.പി.കെ. ശശി**
**ശ്രീ.ഒ. .ആർ. കേളു**
**ശ്രീ.കാരാട്ട് റസാഖ്**
**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക വർഗ്ഗ വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ടി പദ്ധതിയിൽ വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്-കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ്/പാലം നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണിയുടെ നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | | |
| സി) | ഏതെല്ലാം പട്ടിക വർഗ്ഗ സങ്കേതങ്ങളിലാണ് പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | സി) | തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2014-15 വർഷം 25 |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2015-16 വർഷം 6 പട്ടികവർഗ്ഗ സങ്കേതങ്ങളിലും പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സങ്കേതങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| ഡി) | പ്രസ്തുത പദ്ധതിയിൽ വീടുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | പ്രസ്തുത പദ്ധതിയിൽ വീടുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. മലപ്പുറം ജില്ലയിൽ നിലമ്പൂർ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം പണിയ കോളനി 2013-14 സാമ്പത്തിക വർഷത്തെ ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഭവനനിർമ്മാണം ഉൾപ്പെടാത്ത ഒരു അടിസ്ഥാന സൗകര്യ വികസനവും ഈ സ്ഥലത്ത് അനുവദിക്കുകയില്ലായെന്ന് കോളനിക്കാർ അറിയിക്കുകയും ഉപരോധ സമരവും ഉപവാസവും നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിൽ 412 സ്ക്വ.ഫീറ്റ് വിസ്തൃതിയിലുള്ള 20 വീടുകൾ നിർമ്മിക്കുന്നതിന് വീടൊന്നിന് 4,37,038/- രൂപ നിരക്കിലുള്ള എസ്റ്റിമേറ്റ് പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർമ്മാണം ഏൽപ്പിക്കുകയും ഇവയുടെ നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

## ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി 2013-14

| ക്രമ നം. | സങ്കേതങ്ങളുടെ പേര് |
|---|---|
| 1 | പൊടിയകാല, വിതുര ഗ്രാമപഞ്ചായത്ത്<br>പി.ഒ. നെടുമങ്ങാട്. |
| 2 | ഇയ്യക്കോട്, കല്ലാന, ചെറുനെല്ലി മൂട്, മുത്തിപ്പാറ, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്.<br>പി.ഒ. നെടുമങ്ങാട്. |
| 3 | മുള്ളുമല ട്രൈബൽ കോളനി, പിറവന്തൂർ പഞ്ചായത്ത് റ്റി.ഡി.ഒ. പുനലൂർ |
| 4 | ചെന്നോട്ട് പട്ടികവർഗ്ഗ കോളനി (ആലപ്പുഴ),<br>കുമാരപുരം പഞ്ചായത്ത്<br>റ്റി.ഡി.ഒ. പുനലൂർ |
| 5 | കുറുമ്പൻ മൂഴി -മണക്കയം പട്ടികവർഗ്ഗ കോളനി, നാറാണാംമൂഴി<br>റ്റി.ഡി.ഒ. റാന്നി. |
| 6 | മുരുക്കും വയൽ, മുണ്ടക്കയം പഞ്ചായത്ത്<br>പി.ഒ. കാഞ്ഞിരപ്പള്ളി. |
| 7 | വട്ടവട മുതുവാൻ കോളനി, വത്സപ്പെട്ടി<br>പി.ഒ. ഇടുക്കി. |
| 8 | മണിയൻ കിണർ പട്ടികവർഗ്ഗ കോളനി,<br>പനഞ്ചേരി പഞ്ചായത്ത്<br>റ്റി.ഡി.ഒ. ചാലക്കുടി |
| 9 | വടക്കേ കടമ്പാറ കോളനി, ഷോളയൂർ പഞ്ചായത്ത്<br>പി.ഒ. അട്ടപ്പാടി |
| 10 | കാലിമന്ദം, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്<br>റ്റി.ഡി.ഒ. മാനന്തവാടി |
| 11 | അമ്മാനി, പനമരം ഗ്രാമപഞ്ചായത്ത്<br>റ്റി.ഡി.ഒ. മാനന്തവാടി |
| 12 | ചെമ്പുകടവ് അംബേദ്കർ കോളനി, കോടഞ്ചേരി പഞ്ചായത്ത്<br>റ്റി.ഡി.ഒ. കോഴിക്കോട് |
| 13 | പാടിക്കുന്ന്, നിലമ്പൂർ മുനിസിപ്പാലിറ്റി<br>പി.ഒ. നിലമ്പൂർ. |
| 14 | പെരുവമ്പാടം, പാലിയാർ പഞ്ചായത്ത്<br>പി.ഒ. നിലമ്പൂർ |
| 15 | കണ്ണവം പട്ടികവർഗ്ഗ കോളനി, പാട്യം പഞ്ചായത്ത്<br>പി.ഒ. കണ്ണൂർ |
| 16 | വാതിൽമട പട്ടികവർഗ്ഗ കോളനി, പയ്യാവൂർ ഗ്രാപഞ്ചായത്ത്<br>പി.ഒ. കണ്ണൂർ |
| 17 | കപ്പള്ളി കോളനി,കളാർ പഞ്ചായത്ത്<br>റ്റി.ഡി.ഒ. കാസർഗോഡ് |
| 18 | മായിലാം കോട്ട, കാരടുക്ക പഞ്ചായത്ത്<br>റ്റി.ഡി.ഒ. കാസർഗോഡ് |

# ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി 2014-15

| ക്രമ നം. | സങ്കേതങ്ങളുടെ പേര് |
|---|---|
| 1 | ചെമ്പിക്കുന്ന്, അല്ലത്താര, കൊമ്പ്രൻകല്ല്, താന്നിമൂട് എന്നിവ അടങ്ങുന്ന ചെമ്പിക്കുന്ന് ക്ലസ്റ്റർ (വിതുര ഗ്രാമപഞ്ചായത്ത്) പി.ഒ. നെടുമങ്ങാട് |
| 2 | വഞ്ചിയോട്, എടപ്പന,കൊച്ചരിപ്പ കോളനികൾ (ചിതറ ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. പുനലൂർ |
| 3 | തെറ്റ്പാറ കോളനി (കോഴിപ്രം ഗ്രാമ പഞ്ചായത്ത്) ടി.ഡി.ഒ. റാന്നി |
| 4 | വല്ല്യേഴം കോളനി (മണർക്കാട് പഞ്ചായത്ത്) പി.ഒ. കാഞ്ഞിരപ്പള്ളി. |
| 5 | തലവച്ചുപാറ - കുഞ്ചിപ്പാറ എസ്.റ്റി.കോളനി (കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. മൂവാറ്റുപ്പുഴ |
| 6 | നാടുകാണിതുമ്പച്ചി കോളനി (വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്) പി.ഒ. ഇടുക്കി |
| 7 | കോഴിമല എസ്.റ്റി. കോളനി (കാഞ്ചിയാർ പഞ്ചായത്ത്) പി.ഒ. ഇടുക്കി |
| 8 | ഉമ്മൻചാണ്ടി കോളനി (കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്) പി.ഒ. ഇടുക്കി |
| 9 | അടപ്പ്കോളനി (മലമ്പുഴ ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. പാലക്കാട് |
| 10 | മാടംകോളനി (മമ്പാട് ഗ്രാമപഞ്ചായത്ത്) പി.ഒ. നിലമ്പൂർ |
| 11 | അപ്പൻകാപ്പ് എസ്.റ്റി. കോളനി (പോത്തുകല്ല് ഗ്രാമപഞ്ചായത്ത്) പി.ഒ. നിലമ്പൂർ |
| 12 | ചെങ്ങോട്ടുമല എസ്.റ്റി. കോളനി (കോട്ടൂർ ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. കോഴിക്കോട് |
| 13 | എളമ്പിലാശ്ശേരി, ഭഗവതികാവ്, മറിയംകുഴി, ചണ്ണങ്ങൽ, കിഴക്കേചെണ്ണങ്ങൾ, വരിക്കേക്കൽ, മായങ്ങൽ എന്നീ പട്ടികവർഗ്ഗ കോളനികൾ ഉൾപ്പെടുന്ന ക്ലസ്റ്റർ (കാരശ്ശേരി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. കോഴിക്കോട് |
| 14 | കരിങ്കുറ്റി, അത്തിക്കുനി, നാടുകാണികൊല്ലി, ആലക്കണ്ടി, കാവുംമൂട്ടിൽ, പാലുകാപ്പ്, പാലൂക്കര എന്നീ കോളനികൾ ഉൾക്കൊള്ളുന്ന ക്ലസ്റ്റർ (കോട്ടത്തറ ഗ്രാമപഞ്ചായത്ത്) പി.ഒ. കൽപ്പറ്റ |
| 15 | കല്ല്മൊട്ടംകുന്ന് & തുപ്പരിമൂല കോളനി (കോട്ടത്തറ ഗ്രാമപഞ്ചായത്ത്) പി.ഒ. കൽപ്പറ്റ |
| 16 | പഞ്ചാരക്കൊല്ലി, പള്ളിയറ, കോളിമൂല, കോളിമൂലകൊല്ലി, വേങ്ങണ, കുഞ്ഞിമിറ്റം, കൊല്ലിയിൽ എന്നീ കോളനികൾ ഉൾക്കൊള്ളുന്ന ക്ലസ്റ്റർ (മാനന്തവാടി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. മാനന്തവാടി |

1 - 7 -

| | |
|---|---|
| 17 | പുതുശ്ശേരി ആലയ്ക്കൽ കോളനി (തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. മാനന്തവാടി |
| 18 | വട്ടത്തുവയൽ കോളനി (മീനങ്ങാടി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. സുൽത്താൻ ബത്തേരി |
| 19 | കഴമ്പുകര കുറുമ കോളനി (തെന്മേനി ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. സുൽത്താൻ ബത്തേരി |
| 20 | കോട്ടയം തട്ട് പട്ടികവർഗ്ഗ കോളനി (നടുവിൽ ഗ്രാമപഞ്ചായത്ത്) പി.ഒ. കണ്ണൂർ |
| 21 | ചെക്യേരി എസ്.റ്റി. കോളനി (കോളയാട് ഗ്രാമപഞ്ചായത്ത്) പി.ഒ. കണ്ണൂർ |
| 22 | വളയംചാൽ എസ്.റ്റി. കോളനി (കേളകം ഗ്രാമപഞ്ചായത്ത്) പി.ഒ. കണ്ണൂർ. |
| 23 | ചുള്ളിക്കോളനി (ബേദഡുക്ക ഗ്രാമ പഞ്ചായത്ത്) ടി.ഡി.ഒ. കാസർഗോഡ് |
| 24 | അരിങ്കല്ല് കോളനി (ബളാൽ ഗ്രാമ പഞ്ചായത്ത്) ടി.ഡി.ഒ. കാസർഗോഡ് |
| 25 | മാവിനക്കട്ട എസ്.ടി. കോളനി (കുമ്പള ഗ്രാമപഞ്ചായത്ത്) ടി.ഡി.ഒ. കാസർഗോഡ്. |

## ഹാംലറ്റ് ഡെവലപ്പ്മെന്റ് പദ്ധതി 2015-16

| ക്രമ നം. | സങ്കേതങ്ങളുടെ പേര് |
|---|---|
| 1 | വലിയകാല കാണി സെറ്റിൽമെന്റ്, വിതുര ഗ്രാമപഞ്ചായത്ത്. പി.ഒ. നെടുമങ്ങാട്. |
| 2 | കൊടുമുടി പട്ടികവർഗ്ഗ കോളനി,ചിറ്റാർ ഗ്രാമപഞ്ചായത്ത്. റ്റി.ഡി.ഒ. റാന്നി |
| 3 | കല്ലംചിറ ആബേൽ കോളനി, കാവാടം കോളനി എന്നിവയുടെ ക്ലസ്റ്റർ,കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്, പി.ഒ. കല്പറ്റ. |
| 4 | കഴമ്പ് കോളനി, നെന്മേനി ഗ്രാമപഞ്ചായത്ത്. റ്റി.ഡി.ഒ. സുൽത്താൻ ബത്തേരി. |
| 5 | കൊല്ലിയിൽ പുത്തൻമിത്തൻ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്. റ്റി.ഡി.ഒ. മാനന്തവാടി |
| 6 | മുണ്ടക്കൽ കോളനി, വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്. റ്റി.ഡി.ഒ. മാനന്തവാടി |

Hwsopsrigu
സെക്ഷൻ ഓഫീസർ